# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

***പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-*** 686560

***ഫോൺ:*** 0481-2733370

## വാർത്താക്കുറിപ്പ്

**2025 മാർച്ച് 30**

---

## എം.ജി സർവകലാശാലയുടെ ഓൺലൈൻ പ്രോഗ്രാമുകൾക്ക് നാളെ വരെ അപേക്ഷിക്കാം

***മഹാത്മാഗാന്ധി സർവകലാശാലയുടെ ഓൺലൈൻ ബിരുദ, ബിരുദാനന്തര പ്രോഗ്രാമുകളുടെ 2025 ജനുവരി സെഷനിനിൽ പ്രവേശനത്തിന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി യു.ജി.സിയുടെ നിർദേശപ്രകാരം നാളെ(ഏപ്രിൽ 1) വൈകുന്നേരം അഞ്ചുവരെ നീട്ടി.***

***സെന്റർ ഫോർ ഡിസ്റ്റൻസ് ആൻഡ് ഓൺലൈൻ എജ്യുക്കേഷന്റെ എംബിഎ (ഹ്യൂമൻ റിസോഴ്സ്, മാർക്കറ്റിംഗ്, ഫിനാൻസ്), എം.കോം ഫിനാൻസ് ആൻഡ് ടാക്സേഷൻ, എം എ ഇംഗ്ലീഷ്, ബി.കോം (ഓണേഴ്സ്) എന്നീ ഓൺലൈൻ പ്രോഗ്രാമുകളിൽ ലോകത്ത് എവിടെനിന്നും ഓൺലൈനിൽ രജിസ്റ്റർ ചെയ്യാം.***

***യു.ജി.സി യുടെ അംഗീകാരത്തോടെ നടത്തുന്ന പ്രോഗ്രാമുകൾ റഗുലർ ഡിഗ്രിക്ക് തുല്യമാണ്. ജോലിചെയ്യുന്നവർക്കും പഠിക്കാൻ കഴിയുന്ന പ്രോഗ്രാമുകളുടെ എല്ലാ നടപടികളും ഓൺലൈനിലാണ്.***

***വിശദ വിവരങ്ങൾക്കും അപേക്ഷ സമർപ്പിക്കുന്നതിനും*** cdoe.mgu.ac.in ***എന്ന വെബ് സൈറ്റ് സന്ദർശിക്കുക. ഫോൺ-0481 2731010, 9188918258 , 9188918259, 8547852326.***

***(പി.ആർ.ഒ/39/1444/2025)***

## സംഗീത സെമിനാർ ഏപ്രിൽ ര ു മുതൽ

***മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ സ്റ്റഡീസ് ഇൻ സയൻസ് ഓഫ് മ്യൂസിക് സംഘടിപ്പിക്കുന്ന സംഗീത സെമിനാർ ഏപ്രിൽ ര ്, മൂന്ന് തീയതികളിൽ നടക്കും.***

*കൺവർജൻസ് അക്കാദമിയ കോംപ്ലക്സിലെ സെമിനാർ ഹാളിൽ ര 1നു രാവിലെ പത്തിന് ആരംഭിക്കുന്ന പരിപാടിയിൽ അനന്തപത്മനാഭൻ തൃശൂർ, പ്രഫ. കടമ്മനിട്ട വാസുദേവൻപിള്ള, നെടുംപിള്ളി റാംമോഹൻ, അറയ്ക്കൽ നന്ദകുമാർ എന്നിവർ പ്രഭാഷണം നടത്തും.*

*ര 1ന് വൈകുന്നേരം നാലിന് കൊല്ലം ജി.എസ്. ബാലമുരളിയും സംഘവും അവതരിപ്പിക്കുന്ന സംഗീതകച്ചേരി നടക്കും. വിശദ വിവരങ്ങൾക്കും രജിസ്ട്രേഷനും 9446356612 എന്ന നമ്പരിൽ ബന്ധപ്പെടണം.*

*(പി.ആർ.ഒ/39/1445/2025)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**